# വിശ്വമംഗളകാരിയാകുന്നതിന് സർവ്വ സ്മൃതികളാൽ സമ്പന്നമായി സർവ്വർക്കും സഹയോഗം നല്കൂ

ഇന്ന് സമർത്ഥനായ ബാബ തന്റെ സ്മൃതി സ്വരൂപരായ കുട്ടികളെ കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു. വിശ്വത്തിലെ ദേശം അഥവാ വിദേശത്തെ സർവ്വ കുട്ടികൾ സ്മൃതി ദിവസം ആഘോഷിച്ചു കൊണ്ടിരിക്കുന്നു. ഇന്നത്തെ സ്മൃതി ദിവസം കുട്ടികൾക്ക് തന്റെ ബ്രാഹ്മണ ജീവിതം അർത്ഥം സമർത്ഥമായ ജീവിത്തിന്റെ സ്മൃതി നല്കുന്നു കാരണം ബ്രഹ്മാബാബയുടെ ജീവിത കഥയുടെ കൂടെ ബ്രാഹ്മണ കുട്ടികളുടെയും ജീവിത കഥയുണ്ട്. നിരാകാരനായ ബാബ സാകാരി ബ്രഹ്മാവിനോടൊപ്പം ബ്രാഹ്മണരെയും രചിച്ചു. അപ്പോഴാണ് ബ്രാഹ്മണരിലൂടെ അവിനാശി യജ്ഞത്തിന്റെ രചന നടന്നത്. ബ്രഹ്മാബാബ നിങ്ങൾ ബ്രാഹ്മണരോടൊപ്പം സ്ഥാപനയ്ക്ക് നിമിത്തമായി, അപ്പോൾ ബ്രഹ്മാബാബയുടെ കൂടെ ആദി ബ്രാഹ്മണരുടെയും ജീവിത കഥയുണ്ട്. ആദി ദേവൻ ബ്രഹ്മാവ്, ആദി ബ്രാഹ്മണർ രണ്ട് പേരുടെയും മഹത്വം യജ്ഞത്തിന്റെ സ്ഥാപനയിലുണ്ടായിരുന്നു. അനാദി ബാബ ആദി ദേവനായ ബ്രഹ്മാവിലൂടെ ആദി ബ്രാഹ്മണരെ രചിച്ചു. ആദി ബ്രാഹ്മണർ അനേകം ബ്രാഹ്മണരുടെ അഭിവൃദ്ധി ചെയ്തു. ഈ സ്ഥാപനയുടെ, ബ്രഹ്മാബാബയുടെ കഥ ഇന്നത്തെ സ്മൃതി ദിനത്തിൽ വർണ്ണിക്കുന്നു. സ്മൃതി ദിനം എന്ന് പറയുമ്പോൾ കേവലം ബ്രഹ്മാബാബയെ ഓർമ്മിച്ചോ അതോ ബ്രഹ്മാബാബയിലൂടെ ബാബ നല്കിയ സ്മൃതികൾ സ്മൃതിയിൽ കൊണ്ടു വന്നോ? ആദി മുതൽ ഇപ്പോൾ വരെ എന്തെല്ലാം, ഏത് സ്മൃതികൾ നല്കി– ഓർമ്മയുണ്ടോ? അമൃതവേള മുതൽ രാത്രി വരെയും സർവ്വ സ്മൃതികളെ മുന്നിൽ കൊണ്ടു വരൂ– ഒരു ദിനത്തിൽ പൂർത്തിയാകുമോ! നീളമുള്ള ലിസ്റ്റായിരിക്കില്ലേ. സ്മൃതി വാരം ആഘോഷിക്കൂ എന്നാലും വിസ്താരം കൂടുതലാണ്, കാരണം കേവലം റിവൈസ് മാത്രമല്ല ചെയ്യേണ്ടത്, എന്നാൽ റിയലൈസ് ചെയ്യുന്നു അതിനാൽ സ്മൃതി സ്വരൂപമെന്ന് പറയുന്നു. സ്വരൂപം അർത്ഥം ഓരോ സ്മൃതിയുടെ അനുഭവം. നിങ്ങൾ സ്മൃതി സ്വരൂപരായി മാറുന്നു, ഭക്തർ കേവലം സ്മരിക്കുന്നു. അതിനാൽ എന്തെല്ലാം സ്മൃതികൾ അനുഭവിച്ചു– ഇതിന്റെ വിസ്താരം വളരെ വലുതാണ്. ബാബയുടെ പരിചയം വളരെ വലുതാണ് എന്നാൽ നിങ്ങൾ സാര രൂപത്തിൽ അഞ്ച് കാര്യങ്ങളിലൂടെ പരിചയം നല്കുന്നു. അതേപോലെ സ്മൃതികളുടെ വിസ്താരത്തെയും 5 കാര്യങ്ങളിൽ സാര രൂപത്തിൽ കൊണ്ടു വരൂ– ആദി മുതൽ ഇപ്പോൾ വരെ ബാപ്ദാദ എത്ര പേര് ഓർമ്മിപ്പിച്ചു. എത്ര പേരുകളുണ്ടാകും. വിസ്താരമല്ലേ. ഓരോ പേരിനെയും സ്മൃതിയിൽ കൊണ്ടു വരൂ, സ്വരൂപമായി അനുഭവം ചെയ്യൂ, കേവലം ആവർത്തിക്കുക മാത്രമല്ല ചെയ്യേണ്ടത്. സ്മൃതി സ്വരൂപരാകുന്നതിന്റെ ആനന്ദം വളരെ പ്രിയമുള്ളതും നിർമോഹിയുമാണ്. ഏതു പോലെ ബാബ കുട്ടികൾക്ക് കൺമണിയാണെന്നുള്ള സ്മൃതി നല്കുന്നു. ബാബയുടെ കണ്ണുകളിലെ പ്രകാശമാണ്. പ്രകാശത്തിന്റെ വിശേഷതയെന്താണ്, പ്രകാശത്തിന്റെ കർത്തവ്യമെന്താണ്, പ്രകാശത്തിന്റെ ശക്തിയെന്താണ്? ഇങ്ങനെയുള്ള അനുഭവങ്ങൾ ചെയ്യൂ അർത്ഥം സ്മൃതി സ്വരൂപരാകൂ. ഇപ്രകാരം ഓരോ നാമത്തിന്റെ സ്മൃതിയുടെ അനുഭവം ചെയ്തു കൊണ്ടിരിക്കൂ. ഇത് ഒരു ഉദാഹരണ രൂപമാണ് കേൾപ്പിച്ചത്. അതേപോലെ ശ്രേഷ്ഠമായ സ്വരൂപത്തിന്റെ സ്മൃതികൾ എത്രയാണ്? നിങ്ങൾ ബ്രാഹ്മണർക്ക് എത്ര രൂപമാണുള്ളത്, ബാബയുടെ രൂപം തന്നെയാണ് ബ്രാഹ്മണരുടെയും രൂപം. ആ സർവ്വ രൂപങ്ങളുടെയും സ്മൃതിയുടെ അനുഭവം ചെയ്യൂ. നാമം രൂപം, ഗുണം– അനാദി, ആദി, ഇപ്പോൾ ബ്രാഹ്മണ ജീവിതത്തിന്റെ സർവ്വ ഗുണ സ്മൃതി സ്വരൂപരാകൂ.

അതേപോലെയാണ് കർത്തവ്യം. എത്ര ശ്രേഷ്ഠമായ കർത്തവ്യത്തിന് നിമിത്തമായിരിക്കുന്നു. ആ കർത്തവ്യങ്ങളെ സ്മൃതിയിൽ ഇമർജ്ജ് ചെയ്യൂ. അഞ്ചാമത്തെ കാര്യം ബാപ്ദാദ അനാദി– ആദി ദേശത്തിന്റെ സ്മൃതി നല്കി. ദേശത്തിന്റെ സ്മൃതിയിലൂടെ തിരികെ വീട്ടിലേക്ക് പോകുന്നതിന്റെ ശക്തി വന്നു, തന്റെ രാജ്യത്തിൽ രാജ്യാധികാരിയാകുന്നതിന്റെ ധൈര്യം വന്നു, വർത്തമാന സംഗമയുഗീ ബ്രാഹ്മണ ലോകത്തിൽ സന്തോഷത്തിന്റെ ജീവിതം ജീവിക്കുന്നതിന്റെ കല സ്മൃതിയിൽ വന്നു കഴിഞ്ഞു. ജീവിക്കാനുള്ള കല നല്ല രീതിയിൽ വന്നില്ലേ? ലോകം മരിക്കുന്ന കലയിൽ തീവ്രമമായി പൊയ്ക്കൊണ്ടിരിക്കുന്നു, നിങ്ങൾ ബ്രാഹ്മണർ സുഖമയമായ സന്തോഷകരമായ ജീവിതത്തിന്റെ കലയിൽ പറന്നു കൊണ്ടിരിക്കുന്നു. എത്ര വ്യത്യാസമാണ്.

അതിനാൽ സ്മൃതി ദിവസം അർത്ഥം സർവ്വ സ്മൃതികളുടെ ആത്മീയ ലഹരിയുടെ അനുഭവം ചെയ്യുക. ഈ സ്മൃതി ദിനത്തിൽ ലോകത്തിലുളളവരെപ്പോലെ നിങ്ങൾ ഈ വാക്ക് പറയുന്നില്ല– ഞങ്ങളുടെ ബ്രഹ്മാബാബ ഇങ്ങനെയായിരുന്നു, ഇങ്ങനെ പറഞ്ഞിരുന്നു, ഇന്നത് ചെയ്തിരുന്നു, ....ആയിരുന്നു...എന്ന് പറയുന്നത് ദുഃഖ്തിന്റെ അലകളെ വ്യാപിപ്പിക്കുന്നതിന് സമാനമാണ്. എന്നാൽ നിങ്ങൾ ബ്രാഹ്മണരുടെ

വിശേഷതയിതാണ്– നിങ്ങൾ പറയും ഇപ്പോഴും കൂടെ തന്നെയുണ്ട്. കൂടെയുണ്ടെന്ന അനുഭവം ചെയ്യുന്നു. അപ്പോൾ നിങ്ങളിൽ ഈ വിശേഷതയുണ്ട്. ബ്രഹ്മാബാബ പോയിയെന്ന് നിങ്ങൾ പറയില്ല. പ്രതിജ്ഞയെടുത്തിട്ടുണ്ട്– കൂടെ വസിക്കും, കൂടെ പോകും. ആദി ആത്മാവ് തന്നെ വാക്ക് നിറവേറ്റിയില്ലായെങ്കിൽ പിന്നെയാര് നിറവേറ്റും? കേവലം സേവനത്തിന്റെ രൂപവും വിധിയും പരിവർത്തനപ്പെട്ടു. നിങ്ങളെല്ലാവരുടെയും ലക്ഷ്യമാണ്– ഫരിസ്ഥ തന്നെ ദേവത. ബ്രഹ്മാബാബ ഫരിസ്ഥ രൂപത്തിന്റെ മാതൃകയായി. സർവ്വ കുട്ടികളുടെയും പാലന ഇപ്പോഴും ബ്രഹ്മാവിലൂടെ നടന്നു കൊണ്ടിരിക്കുന്നു അതിനാൽ ബ്രഹ്മാകുമാർ ബ്രഹ്മാകുമാരി എന്ന് പറയുന്നു. മനസ്സിലായോ? സ്മൃതി ദിനത്തിന്റെ മഹത്വമെന്താണ്? ഈ സ്മൃതികളിൽ സദാ ലവ്‌ലീനായിരിക്കൂ. ഇതിനെ തന്നെയാണ് പറയുന്നത്– ബാബയ്ക്ക് സമാനമാകുന്നതിന്റെ അനുഭവം. നിങ്ങൾ ആത്മാക്കൾ ബാബയ്ക്ക് സമാനമായ അനുഭവം ചെയ്തു. ഈ സമാനം എന്ന ശബ്ദത്തെ മനുഷ്യർ ലയിക്കുക എന്ന് പറയാൻ തുടങ്ങി. ആത്മാവ് പരമാത്മാവിൽ ലയിക്കുന്നില്ല, എന്നാൽ ബാബയ്ക്ക സാമനമായി മാറുന്നു. സർവ്വ കുട്ടികളും തന്റെ പേരിൽ സ്മൃതി ദിനത്തിന്റെ ഓർമ്മ അയച്ചു. ചിലർ സന്ദേശികളായി സ്നേഹ സ്മരണകൾ കൊണ്ടു വന്നു, ഓരോരുത്തരും പറയുന്നു– എന്റെ സ്നേഹസ്മരണ നല്കണം എന്ന്. അതിനാൽ ഓരോരുത്തരെയും വേറെ വേറെ സ്നേഹ സ്മരണയുടെ കത്ത് എഴുതുന്നതിന് പകരം ഹൃദയത്തിൽ നിന്നും കത്തെഴുതി കൊണ്ടിരിക്കുന്നു. ഓരോരുത്തരുടെയും ഹൃദയത്തിന്റെ സ്നേഹം ബാപ്ദാദായുടെ നയനങ്ങളിൽ, ഹൃദയത്തിൽ അടങ്ങിയിരിക്കുന്നു. ഇപ്പോൾ വിശേഷിച്ചും ലയിച്ചിരിക്കുന്നു. പ്രത്യേകിച്ചും ഓർമ്മിക്കുന്നവരെ ബാപ്ദാദാ ഇപ്പോഴും ഇമർജ്ജ് ചെയ്ത് സ്നേഹ സ്മരണ നല്കി കൊണ്ടിരിക്കുന്നു. ഓരോരുത്തരുടെയും ഹൃദയത്തിലെ ഉണർവ്വും, ഹൃദയത്തിന്റെ ആത്മീയ സംഭാഷണം, ഹൃദയത്തിലെ കാര്യങ്ങൾ ദിലാരാമനായ ബാബയുടെയടുത്തെത്തി. ബാപ്ദാദ സർവ്വ കുട്ടികൾക്കും ഇതേ സ്മൃതി നല്കുന്നു– സദാ ഹൃദയത്തിന്റെ സമീപത്തായിരിക്കണം, സേവനത്തിൽ കൂടെയുണ്ടാകണം, സ്ഥിതിയിൽ സദാ സാക്ഷിയാകണം. എങ്കിൽ സദാ മായാജീത്ത് ആകുന്നതിന്റെ കൊടി പറന്നു കൊണ്ടിരിക്കും. സർവ്വ കുട്ടികൾക്കും നഥിംഗ് ന്യൂ(ഒന്നും പുതിയതല്ല) എന്ന പാഠം ഓരോ പരിതസ്ഥിതിയിൽ സദാ സ്മൃതിയിലുണ്ടാകണം. ബ്രാഹ്മണ ജീവിതം അർത്ഥം ചോദ്യ ചിഹ്നം ആശ്ചര്യത്തിന്റെ ചിഹ്നവും ഉണ്ടാകില്ല. എത്ര പ്രാവശ്യം ഈ വാർത്ത കേട്ടിട്ടുണ്ട്. പുതിയ കാര്യമാണോ? അല്ല. ബ്രാഹ്മണ ജീവിതം അർത്ഥം ഓരോ കാര്യം കേൾക്കുമ്പോഴും കഴിഞ്ഞ കല്പത്തിലെ സ്മൃതിയിൽ സമർത്ഥരായിട്ടിരിക്കണം– സംഭവിക്കേണ്ടത് സംഭവിച്ചു കൊണ്ടിരിക്കുന്നു, അതിനാൽ എന്ത് സംഭവിക്കും എന്ന ചോദ്യ ചിഹ്നം ഉണ്ടാകില്ല. ത്രികാലദർശികളാണ്, ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നവരാണ് അപ്പോൾ വർത്തമാനത്തെ കുറിച്ചറിയുന്നില്ലേ? ഭയപ്പെടുന്നില്ലല്ലോ? ബ്രാഹ്മണ ജീവിതത്തിൽ ഓരോ ചുവടിലും മംഗളമുണ്ട്. ഭയപ്പെടേണ്ട കാര്യമില്ല. നിങ്ങളെല്ലാവരുടെയും കർത്തവ്യമാണ്– തന്റെ ശാന്തിയുടെ ശക്തിയിലൂടെ അശാന്തരായ ആത്മാക്കൾക്ക് ശാന്തിയുടെ കിരണങ്ങൾ നല്കുക എന്നത്. നിങ്ങളുടെ തന്നെ സഹോദരി സഹോദരൻമാരാണ്. അതിനാൽ തന്റെ ഈശ്വരീയ പരിവാരത്തിന്റെ സംബന്ധത്തിലൂടെ സഹയോഗിയാകൂ. എത്രത്തോളം യുദ്ധത്തിൽ തീവ്രതയുണ്ടോ, നിങ്ങൾ യോഗി ആത്മാക്കളുടെ യോഗം അവർക്ക് ശാന്തിയുടെ സഹയോഗം നല്കും അതിനാൽ വിശേഷ സമയം കണ്ടെത്തി ശാന്തിയുടെ സഹയോഗം നല്കൂ– ഇതാണ് നിങ്ങൾ ബ്രാഹ്മണാത്മാക്കളുടെ കർത്തവ്യം. ശരി.

സർവ്വ സ്മൃതി സ്വരൂപരായ ശ്രേഷ്ഠ ആത്മാക്കൾക്ക് സദാ ബാബയ്ക്ക് സമാനമാകുന്നതിന്റെ ലക്ഷത്തെയും ലക്ഷണത്തെയും ധാരണ ചെയ്യുന്ന ആത്മാക്കൾക്ക്, സദാ സ്വയത്തെ ബാബയോടൊപ്പം അനുഭവം ചെയ്യുന്ന സമീപത്തുള്ള ആത്മാക്കൾക്ക്, സദാ ഒന്നും പുതിയതല്ല എന്ന പാഠത്തെ സഹജമായ സ്വരൂപത്തിൽ കൊണ്ടു വരുന്ന, സദാ വിശ്വമംഗളകാരിയായി വിശ്വത്തിലെ ആത്മാക്കൾക്ക് സഹയോഗം നല്കുന്ന– അങ്ങനെയുള്ള സദാ വിജയി രത്നങ്ങൾക്ക് ബാപ്ദാദായുടെ സ്നേഹസ്മരണയും നമസ്തേ.

ദാദിമാരോടുള്ള അവ്യക്ത ബാപ്ദാദായുടെ സംഭാഷണം– ആദി ബ്രാഹ്മണരുടെ മാല ബ്രഹ്മാബാബയുടെ കൂടെ ആദി ബ്രാഹ്മണർ നിമിത്തമായില്ലേ. ആദിയിലെ ബ്രാഹ്മണർക്ക് വളരെ വലിയ മഹത്വമുണ്ട്. സ്ഥാപന, പാലന, പരിവർത്തനം. വിനാശം എന്ന ശബ്ദം കുറച്ച് ഒഫീഷ്യലായി തോന്നുന്നു അതിനാൽ സ്ഥാപന, പാലന, വിശ്വപരിവർത്തനം ചെയ്യുന്നതിൽ ആദി ബ്രാഹ്മണർക്ക് വിശേഷ പാർട്ടുണ്ട്. ശക്തികളുടെ പൂജ വളരെ ആർഭാടത്തോടെ ചെയ്യുന്നു. ബ്രഹ്മാവിന്റെ ക്ഷേത്രവും വളരെ ഗുപ്തം തന്നെയാണ്. എന്നാൽ ശക്തിസേന ഭക്തിയിലും പ്രശസ്തമാണ്, അതിനാൽ അന്തിമം വരെ സ്റ്റേജിൽ കുട്ടികൾക്ക് വിശേഷ പാർട്ടുണ്ട്. ബ്രഹ്മാവിനും ഗുപ്തമായ പാർട്ടുണ്ട്– അവ്യക്ത രൂപം അർത്ഥം ഗുപ്തം. ബ്രാഹ്മണരെ തയ്യാറാക്കി, ബ്രഹ്മാവിന്റെ പാർട്ട് ഗുപ്തമായി. സരസ്വതിയെയും ഗുപ്തമായി കാണിക്കുന്നു കാരണം അവരുടെയും ഡ്രാമയിൽ ഗുപ്തമായ പാർട്ടാണ് നടന്നു കൊണ്ടിരിക്കുന്നത്. ആദിയിലെ ബ്രാഹ്മണാത്മാക്കൾ സർവ്വരും പരസ്പരം സമീപത്തുമാണ് ശകതിശാലിയുമാണ്. ശരീരം പോലും ശക്തിഹീനമല്ല, ശക്തിശാലിയാണ്. (ദാദി ജാനകിജിയോട്) ഇടയിൽ കുറച്ച് വിശ്രമം നല്കുന്നതിനുള്ള സാധനമായി. ബാക്കിയൊന്നുമല്ല. അല്ലെങ്കിലും റെസ്റ്റ് എടുക്കുന്നേയില്ല. ഇത് റെസ്റ്റ് എടുക്കുന്നതിനുള്ള കാരണമായി മാറി.

സർവ്വ ദാദിമാരിലും വളരെയധികം സ്നേഹമുണ്ടല്ലോ. ബാബയോടൊപ്പം നിമിത്തമായ ആദി ബ്രാഹ്മണ രോടും സ്നേഹമുണ്ട്. അതിനാൽ നിങ്ങളെല്ലാവരുടെയും സ്നേഹത്തിന്റെ ആശീർവാദം, ശുഭ ഭാവന കൾ ആദിയിലെ ബ്രാഹ്മണാത്മാക്കളെയും ആരോഗ്യശാലികളാക്കി വയ്ക്കുന്നു. നല്ലത്, സയലൻസിന്റെ സേവനത്തിന്റെ പാർട്ട് വളരെ നല്ലതാണ് ലഭിച്ചിരിക്കുന്നത്. എത്രയോ ആത്മാക്കൾ അശാന്തരാണ്, എത്ര പ്രാർത്ഥനയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. അവർക്ക് എന്തെങ്കിലും അനുഗ്രഹം നല്കില്ലേ. ദേവിമാ രോട് ശക്തി യാചിക്കാറുണ്ടല്ലോ. അപ്പോൾ ശക്തി നല്കുക എന്നത് നിങ്ങൾ വിശേഷ ആത്മാക്കളുടെ കർത്തവ്യമല്ലേ? ദിനം പ്രതിദിനം ഈ അനുഭവം ചെയ്യും- എവിടെ നിന്നോ ശാന്തിയുടെ കിരണങ്ങൾ വന്നു കൊണ്ടിരിക്കുന്നുവെന്ന്. പിന്നീട് അന്വേഷിക്കും, സർവ്വരുടെയും ദൃഷ്ടി ഭാരത ഭൂമിയിൽ പതിയും. ശരി.

**അവ്യക്ത മഹാവാക്യം- പാർട്ടികളോട്**

1)നിശ്ചയ ബുദ്ധി വിജയി ആത്മാക്കളാണ് എന്ന അനുഭവം ചെയ്യുന്നുണ്ടോ? സദാ ഉറച്ച നിശ്ചയമുണ്ടോ? അതോ ഇടയ്ക്ക് ചഞ്ചലതയുണ്ടാകുന്നുണ്ടോ? നിശ്ചയ ബുദ്ധിയുടെ ലക്ഷണമാണ്- അവർ ഓരോ കാര്യ ത്തിലും, വ്യവഹാരമാകട്ടെ, പരമാർത്ഥമാകട്ടെ എന്നാൽ ഓരോ കാര്യത്തിലും വിജയത്തിന്റെ അനുഭവം ചെയ്യും. എങ്ങനെയുള്ള സാധാരണ കർമ്മമാകട്ടെ, വിജയത്തിന്റെ അധികാരം അവർക്ക് തീർച്ചയായും പ്രാപ്തമാകും, കാരണം ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷ ജന്മസിദ്ധ അധികാരം വിജയമാണ്. ഏതൊരു കാര്യത്തിലും സ്വയത്തോട് നിരാശരാകില്ല, കാരണം വിജയം ജന്മസിദ്ധ അധികാരമാണെന്ന നിശ്ചയം അവർക്കുണ്ട്. അതിനാൽ അധികാരത്തിന്റെ ലഹരിയുണ്ടായിരിക്കും. ഭഗവാൻ സഹയോഗിയായിട്ടുള്ളവ രുടെ വിജയം ഉണ്ടായില്ലായെങ്കിൽ പിന്നെയാരുടെ വിജയമാണ് ഉണ്ടാകുന്നത്! കഴിഞ്ഞ കല്പത്തിലെ സ്മരണയും കാണിക്കുന്നു- ഭഗവാനുള്ളയിടത്ത് വിജയമുണ്ടാകുന്നു. പാണ്ഡവരെയാണ് കാണിക്കുന്ന ത്, പക്ഷെ വിജയം എന്ത് കൊണ്ട് ലഭിച്ചു? ഭഗവാൻ കൂടെയുണ്ട്, അതിനാൽ കഴിഞ്ഞ കല്പത്തിലെ സ്മര ണയിൽ വിജയിയായിയെങ്കിൽ ഇപ്പോഴും വിജയിയാകില്ലേ? ഒരിക്കലും ഒരു കാര്യത്തിലും സങ്കല്പം വര രുത്- ഇത് സംഭവിക്കുമോ ഇല്ലയോ, വിജയമുണ്ടാകുമോ ഇല്ലയോ..... ഈ ചോദ്യം ഉണ്ടാകരുത്. ഒരി ക്കലും ബാബയുടെ കൂടെയുള്ളവർക്ക് പരാജയം ഉണ്ടാകില്ല. കല്പ കല്പത്തെ ഈ പാർട്ട് നിശ്ചിതമാണ്. ഈ പാർട്ടിനെയാർക്കും മാറ്റാൻ സാധിക്കില്ല. അതിനാൽ സദാ വിജയത്തിന്റെ സന്തോഷത്തിൽ പാട്ടു പാടി നൃത്തം ചെയ്തു കൊണ്ടിരിക്കൂ.

2) സദാ സ്വയത്തെ ഭാഗ്യവിദാതാവിന്റെ ഭാഗ്യശാലി കുട്ടിയാണെന്ന അനുഭവം ചെയ്യുന്നുണ്ടോ? കോടി മടങ്ങ് ഭാഗ്യശാലിയാണോ അതോ സൗഭാഗ്യശാലിയാണോ? ഇത്രയും ശ്രേഷ്ഠമായ ഭാഗ്യമുള്ളവർ സദാ ഹർഷിതരായിരിക്കും കാരണം ഭാഗ്യവാനായ ആത്മാക്കൾക്ക് യാതൊരു അപ്രാപ്തിയില്ല. അതിനാൽ സർവ്വ പ്രാപ്തികളുള്ളയിടത്ത് സദാ ഹർഷിതരായിരിക്കും. ചിലർക്ക് അല്പക്കാലത്തെ ലോട്ടറിയടിച്ചാൽ പ്രാപ്തി ലഭിച്ചത് അവരുടെ മുഖത്തിൽ കാണപ്പെടുന്നു. അപ്പോൾ കോടിമടങ്ങ് ഭാഗ്യം പ്രാപ്തമായവ രുടെ മുഖം എങ്ങനെയിരിക്കും? സദാ ഹർഷിതം. അങ്ങനെ ഹർഷിതരായിരിക്കൂ കാണുന്നവർ വന്ന് ചോദിക്കണം- നിങ്ങൾക്ക് എന്താണ് ലഭിച്ചിരിക്കുന്നതെന്ന്? എത്രത്തോളം പുരുഷാർത്ഥത്തിൽ മുന്നോട്ട് ഉയരകുന്നുവൊ അത്രത്തോളം നിങ്ങൾക്ക് പറയേണ്ട ആവശ്യം പോലും വരില്ല. നിങ്ങളുടെ മുഖം പറ യും- ഇവർക്ക് എന്തോ ലഭിച്ചിരിക്കുന്നുവെന്ന് കാരണം മുഖം കണ്ണാടിയാണ്. ദർപ്പണത്തിൽ ഒരു വസ്തു എങ്ങനെയാണോ അതേപോലെ കാണപ്പെടുന്നു. അതിനാൽ നിങ്ങളുടെ മുഖം ദർപ്പണത്തിന്റെ കാര്യം ചെയ്യണം. ഇത്രയും ആത്മാക്കൾക്ക് സന്ദേശം ലഭിച്ചിരിക്കുന്നു,ഇത്രയും ആത്മാക്കളെ ജ്ഞാനം കേൾപ്പിക്കാൻ സമയം എങ്ങനെ ലഭിക്കും? സമയം അന്തിമത്തിലെത്തുന്നു, അപ്പോൾ കേൾപ്പിക്കാനും സമയം ലഭിക്കുകയില്ല. അപ്പോൾ സേവനം എങ്ങനെ ചെയ്യും? തന്റെ മുഖത്തിലൂടെ. ഏതു പോലെ മ്യൂസിയത്തിലെ ചിത്രങ്ങളിലൂടെ സേവനം ചെയ്യുന്നു. ചിത്രം കണ്ടിട്ട് പ്രഭാവിതരാകുന്നുണ്ടല്ലോ. അപ്പോൾ നിങ്ങളുടെ ചൈതന്യമായ ചിത്രം സേവനത്തിന് നിമിത്തമാകണം, അങ്ങനെ തയ്യാറായ ചിത്രമാണോ? ഇത്രയും ചൈതന്യത്തിലുള്ള ചിത്രങ്ങൾ തയ്യാറായാൽ ശബ്ദം വ്യാപിക്കും. സദാ നടക്കുമ്പോഴും കറ ങ്ങുമ്പോഴും, ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ഞാൻ ചൈതന്യ ചിത്രമാണ് എന്ന സ്മൃതിയുണ്ടാ കണം. മുഴുവൻ വിശ്വത്തിലെ ആത്മാക്കളുടെ ദൃഷ്ടി എന്റെ നേർക്കാണ്. ചൈതന്യ ചിത്രത്തിൽ സർവ്വ രുടെയും ആകർഷണത്തിന്റെ കാര്യം ഏതാണ്? സദാ സന്തോഷമുണ്ടായിരിക്കും. അതിനാൽ സദാ സന്തോഷമായിരിക്കുന്നോ അതോ ഇടയ്ക്ക് ആശയക്കുഴപ്പം ഉണ്ടാകുന്നുണ്ടോ? അതോ അവിടെ പോയിട്ട് പറയുമോ- ഇന്നത് സംഭവിച്ചു അതിനാൽ സന്തോഷം കുറഞ്ഞുവെന്ന്. എന്ത് സംഭവിച്ചാലും സന്തോഷം നഷ്ടപ്പെടരുത്. അങ്ങനെ പക്കായല്ലേ? വലിയ പേപ്പർ വന്നാൽ പാസാകുമോ? ബാപ്ദാദ സർവ്വരുടെയും ഫോട്ടോ എടുക്കുകയാണ്- ആരെല്ലാമാണ് ഹാം(ശരി) എന്ന് പറയുന്നതെന്ന്. ആ സമയത്ത് ഞാൻ പറഞ്ഞു എന്ന് പറയരുത്. മാസ്റ്റർ സർവ്വശക്തിവാന്റെ മുന്നിൽ ഇതൊന്നും വലിയ കാര്യമല്ല. രണ്ടാമത്തെ കാര്യം- വിജയം നിശ്ചിതമാണെന്ന നിശ്ചയം നിങ്ങൾക്കുണ്ട്, അതിനാൽ വലിയ കാര്യമൊന്നുമല്ല. സർവ്വശക്തിക

ളുടെ ഖജനാക്കൾ ഉള്ളവർ ഏത് ശക്തിയെ ഓർഡർ ചെയ്താലും ആ ശക്തി സഹയോഗിയായി മാറുന്നു. കേവലം ഓർഡർ ചെയ്യാനുള്ള ധൈര്യം ഉണ്ടായിരിക്കണം. അപ്പോൾ ഓർഡർ ചെയ്യാൻ അറിയാമോ അതോ ഓർഡറനുസരിച്ച് നടക്കാനറിയാമോ? ഇടയ്ക്കെങ്കിലും മായയുടെ ഓർഡറനുസരിച്ച് നടക്കുന്നില്ലല്ലോ? എന്തെങ്കിലും കാര്യം വരുന്നു, സമാപ്തമാകുന്നു, പിന്നീട് ചിന്തിക്കുന്നു- അങ്ങനെയാകരുത്, അങ്ങനെ ചെയ്തിരുന്നെങ്കിൽ നന്നായേനേ.. അങ്ങനെയൊന്നുമല്ലല്ലോ? സമയത്ത് സർവ്വ ശക്തികൾ ഉപയോഗത്തിൽ വരുന്നുണ്ടോ അതോ കുറച്ച് കഴിഞ്ഞതിന് ശേഷമാണോ വരുന്നത്? മാസ്റ്റർ സർവ്വശക്തിവാന്റെ സീറ്റിൽ സെറ്റായിയെങ്കിൽ ഒരു ശക്തിയും ഓർഡർ അനുസരിക്കാതിരിക്കില്ല. സീറ്റിൽ നിന്നും താഴേയ്ക്കിറങ്ങി ഓർഡർ ചെയ്താൽ അത് അനുസരിക്കില്ല. ലൗകീക രീതിയിലും കസേരയിൽ നിന്നിറങ്ങിയാൽ പിന്നെയവരുടെ ഓർഡർ ആരും അനുസരിക്കുകയില്ല. ഏതെങ്കിലും ശക്തി ഓർഡർ അനുസരിച്ചില്ലായെങ്കിൽ തീർച്ചയായും പദവിയുടെ സീറ്റിൽ നിന്നും താഴേക്ക് വരുന്നുവെന്നാണ്. അതിനാൽ സദാ മാസ്റ്റർ സർവ്വശക്തിവാന്റെ സീറ്റിൽ സെറ്റായിട്ടിരിക്കൂ, സദാ അചഞ്ചലരും സുദൃഢരുമായിട്ടിരിക്കൂ, ചഞ്ചലതയിൽ വരരുത്. ബാപ്ദാദ പറയുന്നു ശരീരം നഷ്ടപ്പെട്ടാലും സന്തോഷം നഷ്ടപ്പെടരുത്. അതിന്റെ മുന്നിൽ പൈസ ഒന്നും തന്നെയല്ല. സന്തോഷത്തിന്റെ ഖജനാവുള്ളവരുടെ മുന്നിൽ ഒന്നും വലിയ കാര്യമല്ല, ബാപ്ദാദ സദാ സഹയോഗി സേവാധാരി കുട്ടികളുടെയടുത്താണ്. കുട്ടി അച്ഛന്റെയടുത്തുണ്ടെങ്കിൽ ഒന്നും തന്നെ വലിയ കാര്യമല്ല.? അതിനാൽ ഭയക്കേണ്ട കാര്യമില്ല. ബാബയുണ്ട്, കുട്ടികൾക്ക് എന്ത് ചിന്തയാണ് ഉള്ളത്. ബാബ സമ്പന്നമാണ്. ഏതെങ്കിലും യുക്തിയിലൂടെ കുട്ടികളുടെ പാലന ചെയ്യുത തന്നെ വേണം. അതിനാൽ നിശ്ചിന്ത ചക്രവർത്തി. ദുഃഖധാമിൽ ചഞ്ചല തീർച്ചയായും ഉണ്ടാകും. ചൂടിന്റെ സീസണിൽ ചൂട് തന്നെയായിരിക്കില്ലേ. എന്നാൽ ബാബയുടെ കുട്ടികൾ സദാ സുരക്ഷിതരാണ്, കാരണം ബാബയുടെ കൂട്ട്കെട്ടുണ്ട്.

**സർവ്വ കുട്ടികളെ പ്രതി ബാപ്ദാദായുടെ സന്ദേശം-** സർവ്വ തപസ്വീ കുട്ടികൾക്ക് സ്നേഹ സ്മരണ. നോക്കൂ കുട്ടികളെ, സമയത്തിന്റെ വാർത്തകൾ കേട്ട് ഉയർന്നതിലും വച്ച് ഉയർന്ന സാക്ഷി സ്ഥിതിയുടെ സിംഹാസനം, നിശ്ചിന്ത ചക്രവർത്തിയുടെ സിംഹാസനത്തിലിരുന്ന് സർവ്വ കളിയും കണ്ടു കൊണ്ടിരിക്കുകയല്ലേ? ഈ ബ്രാഹ്മണ ജീവിതത്തിൽ ഭയത്തിന്റെ സങ്കല്പം സ്വപ്നത്തിൽ പോലും ഉണ്ടാകരുത്. ഇത് തപസ്യ വർഷത്തിന്റെ നിരന്തരം ഓർമ്മയുടെ അഗ്നിയിൽ പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയെ പ്രജ്ജ്വലിതമാകുന്നതിനുള്ള ചിറകുകളാണ്. നിങ്ങൾ ബാബയ്ക്ക് സമാനം സമ്പന്നമാകുന്നതിനുള്ള സങ്കല്പം ചെയ്തു അർത്ഥം വിജയത്തിന്റെ കൊടി പറപ്പിക്കുന്നതിനുള്ള പ്ലാനുണ്ടാക്കി, രണ്ടാമത് സമാപ്തിയുടെ ചഞ്ചലതയും കൂടെ തന്നെ അടങ്ങിയിട്ടുണ്ടല്ലോ? റിഹേഴ്സൽ തന്നെയാണ് ഡ്രാമയുടെ പാർട്ടിനെ സമാപ്തമാക്കുന്നതിനുള്ള സാധനം. അതിനാൽ ഒന്നും പുതിയതല്ല.

സമയത്തിന്റെ പരിതസ്ഥിതിക്കനുസരിച്ച് വരാനും പോകാനും അഥവാ ഏതെങ്കിലും വസ്തു ലഭിക്കുന്നതിൽ എന്തെങ്കിലും ആകർഷണം ഉണ്ടെങ്കിലും മനസ്സിന്റെ സങ്കല്പത്തിന്റെ ആകർഷണത്തിൽ വരരുത്. എവിടെയായാലും ഏത് പരിതസ്ഥിതിയിലാണെങ്കിലും, ദിൽഖുശ് മിഠായി കഴിച്ചു കൊണ്ടിരിക്കൂ. സന്തോഷത്തോടെയിരിക്കൂ, ഫരിസ്ഥകളുടെ ചലനത്തിലൂടെ പറക്കൂ. അതോടൊപ്പം ഈ സമയത്ത് ഓരോ സെന്ററിലും വിശേഷിച്ച് തപസ്യയുടെ പ്രോഗ്രാം നടക്കണം. ആർക്ക് എത്ര സമയം കണ്ടെത്താൻ സാധിക്കുന്നുവൊ അത്രയും ശാന്തിയുടെ സഹയോഗം നല്കൂ. ശരി. ഓം ശാന്തി.

## വരദാനം- സർവ്വ ഖജനാക്കളാൽ സമ്പന്നമായി സദാ സേവനത്തിൽ ബിസിയായിട്ടിരിക്കുന്ന വിശ്വമംഗളകാരിയായി ഭവിക്കട്ടെ.

വിശ്വ മംഗളത്തിന് നിമിത്തമായ ആത്മാക്കൾ ആദ്യം സ്വയം സർവ്വ ഖജനാക്കളാൽ സമ്പന്നരായിരിക്കും. ജ്ഞാനത്തിന്റെ ഖജനാവുണ്ടെങ്കിൽ ഫുൾ ജ്ഞാനം ഉണ്ടാകണം, യാതൊരു കുറവും പാടില്ല എങ്കിൽ പറയാം സമ്പന്നം. ചിലരുടെയടുത്ത് ഖജനാവ് ഫുള്ളായിട്ടും സമയത്ത് കാര്യത്തിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല, സമയം കഴിഞ്ഞ് പോയതിന് ശേഷം ചിന്തിക്കുന്നു, അപ്പോൾ അവരെയും ഫുൾ എന്ന് പറയില്ല. വിശ്വമംഗളകാരി ആത്മാക്കൾ മനസ്സാ, വാചാ, കർമ്മണാ, സംബന്ധ സമ്പർക്കത്തിൽ സദാ സേവനത്തിൽ ബിസിയായിട്ടിരിക്കുന്നു.

## സ്ലോഗൻ- ജ്ഞാന യോഗത്തെ ശീലമാക്കൂ എങ്കിൽ ഓരോ കർമ്മം സ്വാഭാവികവും ശ്രേഷ്ഠവും യുക്തിയുക്തവുമായിരിക്കും.

സൂചന- ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ചയാണ്, സർവ്വ രാജയോഗി തപസ്വീ സഹോദരീ സഹോദരൻമാർ സന്ധ്യക്ക് 6.30 മുതൽ 7.30 വരെ, വിശേഷിച്ച് യോഗാഭ്യാസത്തിന്റെ സമയത്ത് തന്റെ പൂർവ്വജ സ്മൃതിയുടെ സ്വമാനത്തിൽ സ്ഥിതി ചെയ്യണം, കല്പ വൃക്ഷത്തിന്റെ വേരിൽ ഇരുന്ന് വൃക്ഷത്തിന് ശക്തിശാലി യോഗത്തിന്റെ ദാനം നല്കി, തന്റെ വംശാവലിയുടെ ദിവ്യമായ പാലന ചെയ്യണം.